शिक्षा मंत्रालय
MINISTRY OF **EDUCATION**

सत्यमेव जयते

कौशल विकास और उद्यमशीलता मंत्रालय
Ministry of **Skill Development And Entrepreneurship**

सत्यमेव जयते

# ഭാരതീയ ഭാഷകളുടെ സാങ്കേതികവിദ്യാ ഉച്ചകോടി

## 2023 സെപ്റ്റംബർ 30 – ഒക്ടോബർ 1

**സ്ഥലം: ഡോ.അംബേദ്കർ ഇന്റർനാഷണൽ സെന്റർ, ജനപഥ്, ന്യൂഡൽഹി**

https://technology-bharatiyabhasha.aicte-india.org/

### ഭാരതീയ ഭാഷകളുടെ സാങ്കേതികവിദ്യാ ഉച്ചകോടിയെ കുറിച്ച്



ഭാരതീയ ഭാഷകളുടെ സാങ്കേതികവിദ്യാ ഉച്ചകോടി ചർച്ച ചെയ്യുന്ന മൂന്നു പ്രധാന മേഖലകളാണ് ഭാരതീയ ഭാഷകൾക്കായുള്ള സാങ്കേതികവിദ്യ, ഭാരതീയ ഭാഷകളിലെ സാങ്കേതികവിദ്യ, ഭാരതീയ ഭാഷകളിലൂടെയുള്ള സാങ്കേതികവിദ്യ. ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് (CIIL) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC), ആൾ ഇന്ത്യാ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE), നാഷണൽ കൌൺസിൽ ഫൊർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (N C V E T ) നാഷണൽ കൌൺസിൽ ഫൊർ ടീച്ചർ എഡ്യൂക്കേഷൻ (N C T E ) ഇവർ സംയുക്തമായാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. 2023 സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ ഡോ.അംബേദ്കർ ഇന്റർനാഷണൽ സെന്റർ, ജനപഥ്, ന്യൂഡൽഹിയിൽ എല്ലാ പങ്കാളികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരികയും ഭാരതീയ ഭാഷകളുടെ എല്ലാ മേഖലകളിലും സാങ്കേതികവിദ്യ ഉപയോഗിച്ച് ദേശീയ വിദ്യാഭ്യാസ നയം-2020ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വഴികൾ നിരൂപിക്കുകയും ചെയ്യുക എന്നതാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.

ന്യൂഡൽഹിയിൽ നടക്കുന്ന ദ്വിദിന സമ്മേളനത്തിൽ 1000 ത്തോളം പ്രതിനിധികൾ പങ്കെടുക്കുമെന്നു ഉച്ചകോടി പ്രതീക്ഷിക്കുന്നു പരിപാടിയിൽ അവതരണങ്ങൾ, പാനൽ ചർച്ചകൾ, പ്രദർശനങ്ങൾ, നെറ്റ്വർക്കിംഗ് അവസരങ്ങൾ എന്നിവ ഉൾപ്പെടും. ഭാരതീയ ഭാഷകൾക്കായും ഭാരതീയ ഭാഷകളിലൂടെയും പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരും സ്ഥാപനങ്ങളും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് (ML) ഗവേഷകർ, വിദ്യാഭ്യാസ-സാങ്കേതിക കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, അത്തരം സാങ്കേതിക വിദ്യയുടെ ഉപയോക്താക്കളും നയരൂപീകരണം നടത്തുന്നവരും ഉച്ചകോടിയിൽ പങ്കെടുക്കും. ഇത് പങ്കെടുക്കുന്നവർക്കിടയിൽ ആശയങ്ങളുടെ കൈമാറ്റവും സഹകരണവും സുഗമമാക്കുകയും ഭാരതത്തിലും ലോകത്തും ഭാഷാ സാങ്കേതികവിദ്യയുടെയും ഗവേഷണത്തിന്റെയും നവീകരണത്തിന്റെയും പുരോഗതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

### ഉച്ചകോടിയുടെ പ്രമേയം

വിദ്യാഭ്യാസ അവസരങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, ഉൾപ്പെടുത്തലിലേയും വൈവിധ്യതയിലേയും ആശങ്കകൾ അഭിസംബോധന ചെയ്യുന്നതിനും, ലഭ്യത, ഗുണനിലവാരം, തുല്യത, രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രാപ്തിയും ഉത്തരവാദിത്തവും സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ മെച്ചപ്പെടുത്തുന്നതിന് NEP-2020 ഊന്നൽ നൽകുന്നു.


ഇന്നത്തെ ഭാഷാ ആവാസവ്യവസ്ഥയിൽ നിന്ന് ഭാരതീയ ഭാഷാ ആവാസവ്യവസ്ഥയിലേക്കുള്ള സുഗമമായ പരിവർത്തനത്തിനുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുകയാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്. ഭാഷയെയും സാങ്കേതികവിദ്യയെയും പരാമർശിച്ച്, മൂന്ന് പ്രധാന മേഖലകൾക്ക് ഊന്നൽ നൽകുന്നു:

- **ഭാരതീയ ഭാഷകൾക്കായുള്ള സാങ്കേതികവിദ്യ**
- **ഭാരതീയ ഭാഷകളിൽ സാങ്കേതികവിദ്യ**
- **ഭാരതീയ ഭാഷകളിലൂടെയുള്ള സാങ്കേതികവിദ്യ**

### ഭാരതീയ ഭാഷകൾക്കായുള്ള സാങ്കേതികവിദ്യ

ബോധനം, പരിശോധന, പരിശീലനം, വിവർത്തനം എന്നീ മേഖലകളിൽ ഭാരതീയ ഭാഷകൾക്കായുള്ള സാങ്കേതികവിദ്യയുടെ ഉപയോഗമാണ് പ്രമേയത്തിന്റെ ഈ തലം ലക്ഷ്യമിടുന്നത്. അദ്ധ്യാപനത്തിൽ ഭാരതീയ ഭാഷകൾ ഓൺലൈനായും ഓഫ്‌ലൈനായും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, പഠന-ബോധന സാമഗ്രികളുടെ വികസനം, ബോധനവിദ്യ മുതലായവ ഉൾപ്പെടുന്നു. പരിശോധനയിൽ ഭാരതീയ ഭാഷകളിലെ ഭാഷാ പ്രാവീണ്യത്തിന്റെ വിവിധ തലങ്ങൾക്കായുള്ള പരിശോധനാ രീതികളും പരിശോധനകളും ഉൾപ്പെടുന്നു. പരിശീലനം പരാമർശിക്കുന്നത് സേവന പൂർവ, സേവന നിരത ഭാഷ, വിഷയ അധ്യാപകർ, മാസ്റ്റർ ട്രെയിനർമാർ, ഭാരതീയ ഭാഷകളിലെ പാഠപുസ്തക രചയിതാക്കൾ, സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭാഷാ വിലയിരുത്തലിലും മൂല്യനിർണ്ണയത്തിലും ഏർപ്പെട്ടിരിക്കുന്ന പരിശോധകരുടെയും വിദഗ്ധരുടെയും പരിശീലനമാണ്.

ഭാരതീയ ഭാഷകൾക്കായുള്ള ഭാഷാ വിവർത്തന ഉപകരണങ്ങൾ വികസിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനും ഭാരതീയ ഭാഷകളിൽ പരിശീലനം ലഭിച്ച വിവർത്തകരുടെ ഒരു വലിയ ശേഖരം സൃഷ്ടിക്കുന്നതിനും വിവർത്തനം ലക്ഷ്യമിടുന്നു. സാങ്കേതികവിദ്യ ഉപയോഗിച്ച് വിവർത്തനത്തിനുള്ള സാങ്കേതികത ആവശ്യങ്ങൾ വിലയിരുത്തുക, ഭാരതീയ ഭാഷകളിൽ ഡിജിറ്റൽ വിവർത്തന മാനുവലുകളും മൊഡ്യൂളുകളും വികസിപ്പിക്കുക.



### ഭാരതീയ ഭാഷകളിൽ സാങ്കേതികവിദ്യ

ഭാരതീയ ഭാഷകളിലെ ഹാർഡ്വെയർ, സോഫ്റ്റ്വെയർ ടൂളുകൾ വികസിപ്പിക്കുന്നതിൽ രാഷ്ട്രം ഇനിയും വലിയൊരു വിപ്ലവം കൊണ്ടുവരാത്ത ഒരു മേഖലയാണ് ഭാരതീയ ഭാഷകളിലെ സാങ്കേതിക വിദ്യ. ഇതിനർത്ഥം ഭാരതീയ ഭാഷകളിൽ ഭാരതീയ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളും (O S ) , മെഷീൻ ലേണിംഗും (M L ) സൃഷ്ടിക്കൽ, കോഡുകളും പ്രോഗ്രാമുകളും എഴുതുന്നതിൽ ഭാരതീയ ഭാഷകളുടെ ഉപയോഗം, സാർവത്രിക സ്വീകാര്യതയ്ക്കായി ഭാരതീയ ഭാഷകളുടെ സാങ്കേതിക ഉപയോഗത്തിന് അടിസ്ഥാന മാനദണ്ഡങ്ങൾ വികസിപ്പിക്കുക. ഭാരതീയ ഭാഷകൾക്കുള്ള നിലവിലുള്ള OS ന് മേൽ ബഹുതലങ്ങൾ വികസിപ്പിക്കുക, ഭാരതീയ ഭാഷകൾക്കുള്ള വെബ് സ്റ്റാൻഡേർഡൈസേഷൻ, മൊബൈൽ ആപ്പുകളും സാങ്കേതികവിദ്യയും വികസിപ്പിക്കൽ, AR (ഓഗ്മെന്റഡ് റിയാലിറ്റി) അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കൽ, AR/VR (വെർച്വൽ റിയാലിറ്റി)/MVR (മിക്സ്ഡ് വെർച്വൽ റിയാലിറ്റി)/Simulation എന്നിവയുമായി ഭാരതീയ ഭാഷകളെ സമന്വയിപ്പിക്കൽ /ഡിജിറ്റൽ ട്വിനിംഗ്, തുടങ്ങിയവ. ഭാരതീയ ഭാഷകളിലെ സാങ്കേതിക വിദ്യയുടെ തുടർച്ചയായ വികസനത്തിലൂടെയും അതിനെ മുഖ്യധാരയിലേക്കെത്തിച്ചും വിഭവങ്ങൾ അനുവദിച്ചും പ്രാദേശികവൽക്കരിച്ചും ഈ മേഖലയിലെ എല്ലാ പങ്കാളികളെയും ഒരുമിച്ച് കൊണ്ടുവരുന്നതിലായിരിക്കും പ്രധാന ശ്രദ്ധ.

### ഭാരതീയ ഭാഷകളിലൂടെയുള്ള സാങ്കേതികവിദ്യ

NEP–2020 വിഭാവനം ചെയ്യുന്നതുപോലെ, ഭാരതീയ ഭാഷാ മാധ്യമത്തിലൂടെ എഞ്ചിനീയറിംഗ്, മെഡിക്കൽ, ലീഗൽ, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുൾപ്പെടെ എല്ലാ സാങ്കേതിക വിദ്യാഭ്യാസവും നൽകുക, ഉള്ളടക്കം, രീതിശാസ്ത്ര വികസനം, വിഭവങ്ങൾ (ഭാരതീയ ഭാഷകളിൽ ഡിജിറ്റൽ പാഠപുസ്തകങ്ങൾ, പഠന-ബോധന സാമഗ്രികൾ, നിഘണ്ടുക്കൾ പദകോശങ്ങൾ എന്നിവ) ലഭ്യമാക്കുക, കൂടാതെ വിലയിരുത്തലും മൂല്യനിർണ്ണയവും, സ്കൂളുകൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐഐടികൾ, എൻഐടികൾ, ഐഐഐടികൾ, ഐഐഎം, ഐഐഎസ്ഇആർ, മുതലായവ) ഭാരതീയ ഭാഷകളിലൂടെ സാങ്കേതിക വിദ്യാഭ്യാസത്തിന് പുറമെ നൈപുണ്യ കോഴ്സുകളും നൽകുക, കൂടാതെ ഭാരതീയ ഭാഷകൾ ഉപയോഗിക്കുന്നതിന് അച്ചടി, സോഷ്യൽ മീഡിയകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും തയ്യാറാക്കൽ എന്നിവയാണ് ഈ തലത്തിന്റെ പ്രധാന മേഖലകൾ.

### ഉച്ചകോടിയുടെ ശ്രദ്ധാകേന്ദ്രങ്ങൾ

- സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാരതീയ ഭാഷകളിലൂടെ വിദ്യാഭ്യാസം നൽകുന്നതിനുള്ള വഴികൾ പര്യവേക്ഷണം ചെയ്യുന്നു.
- എല്ലാ ഭാരതീയ ഭാഷകൾക്കും ഭാരതീയ ഭാഷാ സാങ്കേതിക ഉപകരണങ്ങൾ ആവശ്യമായ മുൻഗണനാ മേഖലകൾ തിരിച്ചറിയൽ.
- ഭാരതീയ ഭാഷകളിലെ വിദ്യാഭ്യാസ ഉള്ളടക്കം ബോധനം, പരിശീലനം, പരിശോധന, വിവർത്തനം എന്നിവയിൽ സാങ്കേതികവിദ്യയുടെ സംയോജനം.
- ഭാരതീയ ഭാഷാ ഡൊമെയ്നിലെ സമീപകാല സാങ്കേതിക വികാസങ്ങൾ പ്രദർശിപ്പിക്കുന്നു. മറ്റുള്ളവയ്ക്കൊപ്പം ഭാരതീയ ആംഗ്യഭാഷ, ബ്രെയിലി എന്നിവയ്ക്കായുള്ള സാങ്കേതിക വികസനവും ഇതിൽ ഉൾപ്പെടും.
- സാങ്കേതിക ഇടപെടലുകളിലൂടെ എല്ലാ പൊതു-സ്വകാര്യ തലങ്ങളിലുടനീളം ഭാരതീയ ഭാഷകളുടെ പ്രചാരണം.
- ഭാരതീയ ഭാഷകൾക്കായും ഭാഷകളിലും ഭാഷകളിലൂടെയും ഉള്ള സാങ്കേതിക വികസനത്തിന്റെ നിലവിലെ അവസ്ഥയും വെല്ലുവിളികളും മനസ്സിലാക്കുക.
- ഭാരതീയ ഭാഷകൾക്കായും ഭാഷകളിലും ഭാഷകളിലൂടെയും ഉള്ള സാങ്കേതികതയുടെ ഭാവി ദിശയ്ക്കുള്ള വഴികളും മാർഗങ്ങളും.

### പ്രതീക്ഷിത ഫലം

ഭാരതീയ ഭാഷകൾക്കായും ഭാഷകളിലും ഭാഷകളിലൂടെയും ഉള്ള സാങ്കേതികവിദ്യയുടെ വികസനത്തിനും ഉപയോഗത്തിനുമുള്ള റോഡ്മാപ്പിനെക്കുറിച്ചുള്ള ഒരു രേഖ ഉച്ചകോടി രൂപപ്പെടുത്തും.

### പങ്കാളിത്തം

അക്കാദമിക്കു,കൾ വ്യവസായ പ്രമുഖർ, ഭാഷാ വിദഗ്ധർ, ഭാഷാശാസ്ത്രജ്ഞർ, വിദ്യാഭ്യാസ-സാങ്കേതിക / സ്റ്റാർട്ട്-അപ്പ് കമ്പനികൾ, സംസ്ഥാന സർക്കാരുകൾ, ഭാഷാ സാങ്കേതിക ഗവേഷകർ & ഡെവലപ്പർമാർ, നയതന്ത്രജ്ഞർ എന്നിവരെ ഈ ഉച്ചകോടിയിൽ പങ്കെടുക്കാൻ വിനീതമായി ക്ഷണിക്കുന്നു.

### രജിസ്ട്രേഷൻ പ്രക്രിയ

https://technology-bharatiyabhasha.aicte-india.org/ **ൽ രജിസ്റ്റർ ചെയ്യുക**

ഉച്ചകോടിയിൽ പങ്കെടുക്കാൻ പരിമിതമായ  അംഗങ്ങൾക്ക് മാത്രമേ ക്ഷണമുണ്ടായിരിക്കുകയുള്ളൂ

ഈ ഉച്ചകോടിയിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കുന്നവരെ  വിവരം അറിയിക്കുന്നതാണ്.

<u>**ബന്ധപ്പെടേണ്ട വിലാസം**</u>


**പ്രൊഫ. ശൈലേന്ദ്ര മോഹൻ**
**ഡയറക്ടർ**
**സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻന്ത്യൻ ലാഗ്വേജസ്**
മാനസഗംഗോത്രി, ഹുൻസൂർ റോഡ്
മൈസൂർ- 570006, കർണാടക, ഇൻന്ത്യ

**ഫോൺ നമ്പർ:**  +91 821 2345000, +91 821 2345006
**ഫാക്സ്  നമ്പർ:** 91 821 2515032
**ഇമെയിൽ:** director-ciil@gov.in